പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2067 | 06.10.2016-ൽ മറുപടിയ്ക്ക് |

ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വാഗമണിലേയ്ക്കുള്ള ഏക റോഡായ ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് 2016-ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) പ്രസ്തുത റോഡിന്റെ വിശദമായ എസ്റ്റിമേറ്റ് കോട്ടയം റോഡ്സ് ഡിവിഷന്റെ കീഴിലുള്ള സെക്ഷൻ ഓഫീസിൽ തയ്യാറാക്കിവരുന്നു. |
| (ബി) ഈ റോഡിന്റെ അടിയന്തര പ്രാധാന്യം കണക്കാക്കി എത്രയും പെട്ടെന്ന് പണി തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും മറ്റും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ? | (ബി) വിശദമായ എസ്റ്റിമേറ്റ് ലഭിച്ചാൽ മാത്രമേ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. എത്രയും വേഗം ഡി.പി.ആർ തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ